# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 609      29.05.2019- ൽ മറുപടിക്ക്

## വയനാട് ജില്ലയിൽ ചെറുകിട വ്യവസായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഒ.ആർ. കേളു | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വയനാട് ജില്ലയിൽ ചെറുകിടവ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് ഏതെങ്കിലും പദ്ധതികൾ പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കുമോ ; | (എ) | വയനാട് ജില്ലയിൽ ചെറുകിട വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കിൻഫ്രയുടെ ഉടമസ്ഥതയിൽ ലോകോത്തര ഗുണമേന്മയുള്ള വയനാടൻ ബ്രാന്റഡ് കാപ്പിപ്പൊടി നിർമാണ കേന്ദ്രം ആരംഭിക്കുന്നതിന് കാർബൺ ന്യൂട്രൽ കോഫീ വില്ലേജ് എന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. മാനന്തവാടി താലൂക്കിൽ ഒരു ടീ പ്രോസസ്സിംഗ് പാർക്ക് സ്ഥാപിക്കുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ പദ്ധതിയുടെ നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി - യെ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമീണ മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വനിതകൾക്ക് സ്വയം തൊഴിൽ സൃഷ്ടിക്കുന്നതിനും, സാമ്പത്തിക സ്വാശ്രയത്വം ഉറപ്പുവരുത്തുന്നതിനുമായി റൂറൽ മൈക്രോ എന്റർപ്രൈസസ്, യുവശ്രീ പദ്ധതി, പ്രത്യാശ പദ്ധതി, എസ്.വി.ഇ.പി എന്നീ പദ്ധതികൾ കുടുംബശ്രീ മുഖേന നടപ്പിലാക്കിവരുന്നു. |
| (ബി) | കൂടുതൽ ചെറുകിടവ്യവസായ യൂണിറ്റുകൾ കുടുംബശ്രീ മുഖേന തുടങ്ങുന്നതിന് സഹായം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ബി) | ഉണ്ട്, ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങുന്നതിനായി ഷെഡുകളുടെ നിർമ്മാണ പ്രവൃത്തികൾ നടത്തി വരുന്നുണ്ട്, കൂടാതെ ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ മുഖേന വിവിധ തരം പരിശീലനങ്ങളും, അധിക ധനസഹായങ്ങളായ റിവോൾവിങ് ഫണ്ട്, ടെക്നോളജി ഫണ്ട്, ഇന്നൊവേഷൻ ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്, കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട്, രണ്ടാം ഘട്ട ധനസഹായം, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് എന്നിവയും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ